പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2094 | 16.08.2017-ൽ മറുപടിയ്ക്ക്

<u>വ്യാജലോട്ടറി</u>

| <u>ചോദ്യം</u><br>ശ്രീ.കെ.മുരളീധരൻ | | <u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരള സർക്കാർ ലോട്ടറികളുടെ വ്യാജടിക്കറ്റ് ഇതര സംസ്ഥാനങ്ങളിൽ വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സർക്കാരിന്റെ ഔദ്യോഗിക മുദ്രയും ലോട്ടറിയുടെ ടൈറ്റിലും ദുർവിനിയോഗം ചെയ്ത് Face book/whatsApp എന്നീ സാമൂഹ്യ മാധ്യമങ്ങളിലൂടെ മൂന്നക്ക നമ്പർ ചൂതാട്ടം ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും, ഉത്തർപ്രദേശിലും നടക്കുന്നതായുള്ള മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നതിന് DGP യ്ക്കും ADGP (സി.ബി.സി.ഐ.ഡി)യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കേരള സർക്കാർ ലോട്ടറികളുടെ വ്യാജ ടിക്കറ്റ് വിൽപ്പന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വ്യാജ ടിക്കറ്റ് വില്പന തടയുന്നതിനായി ഇൻറലിജൻസ് എ.ഡി.ജി.പി.യെ മേധാവിയാക്കി സംസ്ഥാന തല മോണിറ്ററിംഗ് സെല്ലും, ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഡയറക്ടറേറ്റിൽ ലഭിക്കുന്ന അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടലാസിറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾക്ക് പുറമേ മൈക്രോപ്രിൻറിംഗ്, ഒപ്പേക്ക് ടെക്സ്റ്റ്, ഗില്ലോചെ, റിലീഫ് പ്രിൻറിംഗ് എന്നീ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വ്യാജ ടിക്കറ്റ് വിൽപ്പന മൂലം ഉണ്ടാകുന്ന റവന്യൂ നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ? | (സി) | വ്യാജ ടിക്കറ്റ് വിൽപ്പന സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയെ ബാധിക്കുന്നതായോ അതുമൂലം റവന്യൂ നഷ്ടം ഉണ്ടായതായോ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.